©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി X
# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ**
**രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

## സബ്ജക്റ്റ് കമ്മിറ്റി X
## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**2012–13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X–ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1015/2013.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2011-2013)

**ഘടന**

ചെയർമാൻ :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. അജിത്

,, ബി. ഡി. ദേവസ്സി

,, ഹൈബി ഈഡൻ

,, മോൻസ് ജോസഫ്

,, എസ്. രാജേന്ദ്രൻ

,, രാജു എബ്രഹാം

,, ബി. സത്യൻ

,, കെ. എം. ഷാജി

,, സണ്ണി ജോസഫ്

,, കെ. ബി. ഗണേഷ് കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2. ധനാഭ്യർത്ഥന നമ്പർ XXXIV—വനം, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവയുൾപ്പെടുന്ന ധനാഭ്യർത്ഥന നമ്പർ XVII-ന്റെ പരിധിയിൽവരുന്ന പരിസ്ഥിതി, ധനാഭ്യർത്ഥന നമ്പർ XX-ന്റെ പരിധിയിൽവരുന്ന ശുദ്ധജലവിതരണവും ശുചീകരണവും, ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം എന്നിവ ഉൾപ്പെട്ടതാണ് സബ്ജക്ട് കമ്മിറ്റി X-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ട് 2012 ജൂൺ 11-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, ടൂറിസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 30 ശുപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 3-7-2013-ലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

3. ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും രണ്ടാം ഭാഗത്ത് സർക്കാരിൽ നിന്ന് അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശയും ചേർത്തിരിക്കുന്നു.

4. സമിതി 2013 ജൂലൈ മാസം 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2013 ജൂലൈ 3.

എ. പി. അനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി X.*

# റിപ്പോർട്ട്

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X–ന്റെ രണ്ടാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, ടൂറിസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ഭാഗം I

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

### ശുപാർശ

2406-01-101-94—നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം

ക്ഷയോന്മുഖമായ വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും പുനർവനവൽക്കരണം നടത്തുന്നതിനും കൂടാതെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനം വളരുന്ന സ്ഥലങ്ങൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനും അഗ്നി പ്രതിരോധ പ്രവർത്തനത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

### ശുപാർശ

2406-01-800-95—വനസംരക്ഷണം

ഫയർ ലൈനുകൾ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ, ശോഷിച്ചു കൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും കേരള വനനിയമം സെക്ഷൻ 4(1) അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനും കഞ്ചാവുകൃഷി തടയുന്നതിനും വനസംരക്ഷണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യനിർമ്മാണങ്ങൾക്കുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക 1250 ലക്ഷം രൂപയാണ്. കൂലിനിരക്ക് 400 മുതൽ 450 രൂപവരെ കൂടിയതിനാലും മെറ്റീരിയൽസിന്റെ ചെലവ് വർദ്ധിച്ചതിനാലും ഈ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

1015/2013.

<u>സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

4406-01-105-85—<u>വ്യാവസായിക അസംസ്കൃത വസ്തുക്കൾ</u>

വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും കൂടാതെ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കേന്ദ്ര നഴ്സറികളുടെ പരിപാലനത്തിനും നഴ്സറികളിൽ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ചെലവിനും ഉപയോഗിക്കുന്നതിനുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധികതുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2406-01-800-98—<u>വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും</u>

സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം പദ്ധതി, കോളേജ് കുട്ടികൾക്കുള്ള നമ്മുടെ മരം പദ്ധതി, പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഹരിതകേരളം പദ്ധതി മുതലായ വനവൽക്കരണ പദ്ധതികൾക്കായും ഇതുസംബന്ധിച്ച പബ്ലിസിറ്റിക്കായും വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 450 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2406-01-101-88 എന്ന ശീർഷകത്തിൽ തേക്ക്വുഡിന് അനുവദിച്ച 877.32 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപയും 2406-01-101-87 എന്ന ശീർഷകത്തിൽ പൾപ്വുഡിന് അനുവദിച്ച 438 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനം വകുപ്പിൽ നിന്നും വില്ക്കുന്ന തേക്കിന്റെ വിലയുടെ 5%-ഉം പൾപ്വുഡിന്റെ വിലയുടെ 50% ചേർന്നുവരുന്ന തുകകൊണ്ടാണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കേണ്ടത്. തേക്കിന്റെ വിലയുടെ 5% കൊണ്ട് ഫണ്ട് സ്വരൂപിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇത് 10 ശതമാനമായി ഉയർത്തി ആക്ടിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ശുപാർശ

2406-01-105-94—കന്നുകാലികൾ

വനം വകുപ്പുവക ആന, മാൻ, മൃഗശാല തുടങ്ങിയവയുടെ പരിചരണ സംരക്ഷണത്തിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2406-01-070-99—റോഡുകളും പാലങ്ങളും

റോഡുകളുടേയും പാലങ്ങളുടേയും പണികൾക്കായി ഈ സാമ്പത്തിക വർഷം 36 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനുവേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

2406-01-001-99-01(4)—ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്—2.23 ലക്ഷം രൂപ

2406-01-001-98-01(4)—3 ലക്ഷം രൂപ

2406-01-001-97-01(4)—0.19 ലക്ഷം രൂപ

2406-01-001-96-01(4)—0.92 ലക്ഷം രൂപ

2406-01-001-95-01(4)—5.26 ലക്ഷം രൂപ

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും മുൻകാലങ്ങളിലുള്ള യാത്രാചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസ്സാക്കേണ്ടതായിട്ടുള്ളതിനാലും യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയുംപ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2406-01-001-99-04(1)—ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്—6.74 ലക്ഷം രൂപ

2406-01-001-96-04(1)—വിജിലൻസും വിലയിരുത്തലും വിഭാഗം—4 ലക്ഷം രൂപ

2406-01-001-95-04(1)—ഡിസ്ട്രിക്ട് ആഫീസ്—6 ലക്ഷം രൂപ

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകളൊന്നും യഥാസമയം സർക്കാരിൽ ലഭ്യമാക്കാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

പൊതുശുപാർശ

കേന്ദ്ര സഹായം ലഭ്യമാക്കുന്ന പദ്ധതികളിൽ ആകെ ചെലവിന്റെ 50% കേന്ദ്രവും 50% സംസ്ഥാനവുമാണ് വഹിക്കുന്നത്. ഈ പദ്ധതികളുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്നതുവരെ കാത്തിരിക്കാതെ സ്റ്റേറ്റ് വിഹിതം നേരത്തെതന്നെ ചെലവഴിക്കാൻ അനുവദിക്കുകയാണെങ്കിൽ കാലാനുസൃതമായ പല പണികളും സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ അന്ത്യഘട്ടത്തിനു മുൻപുതന്നെ ചെയ്തു തീർക്കാൻ കഴിയും.

ആയതിനാൽ കേന്ദ്രസഹായ പദ്ധതിയനുസരിച്ചുള്ള കേന്ദ്രഫണ്ട് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ 50% സംസ്ഥാനവിഹിതം നേരത്തെ ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2011-12 വർഷവും തുടർന്നുള്ള 2012-13 വർഷത്തിലും 50% കേന്ദ്രസർക്കാരിന്റെ വിഹിതം ലഭിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാനവിഹിതം നൽകിയിട്ടുണ്ട്.

ധനാഭ്യർത്ഥന നമ്പർ—XVII

## പരിസ്ഥിതി വകുപ്പ്

ശുപാർശ

3435-04-104-99—പരിസ്ഥിതി ആഘാത വിലയിരുത്തൽ

സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടേയും വിദഗ്ദ്ധ വിലയിരുത്തൽ സമിതിയുടേയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം സമിതിയുടെ പ്രവർത്തനത്തിനായി അനുവദിച്ച തുക ഉപയോഗപ്പെടുത്തി (20 ലക്ഷം) അത്യാവശ്യപ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചു. സർക്കാരിന്റെ ചെലവുചുരുക്കൽ നടപടികൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടിയിരുന്നതിനാൽ അധിക തുകയ്ക്ക് അപേക്ഷിക്കേണ്ടി വന്നില്ല.

ശുപാർശ

5425-00-208-98—നദികൾക്കായുള്ള കർമ്മപരിപാടി (RIDF)

RIDF–ൽ പരിസ്ഥിതി ഒരു വിഷയമല്ലാത്തതിനാൽ അത് നടപ്പാക്കാൻ സാധിക്കുകയില്ല. ആയതിനാൽ നദീജല പദ്ധതിയിന്മേൽ (3435-03-102-90) 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി പദ്ധതി നിർദ്ദേശങ്ങളൊന്നും ലഭിക്കാതിരുന്നതിനാൽ ഇതിനായി പ്രത്യേക വിഹിതം വകയിരുത്താൻ അപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ധനാഭ്യർത്ഥന നമ്പർ—XX

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ശുപാർശ

**ബയോ മെഡിക്കൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പൊതു സംവിധാന സംരംഭങ്ങൾക്കുവേണ്ടിയുള്ള സഹായം**

സംസ്ഥാനത്തെ മുഴുവൻ ബയോമെഡിക്കൽ മാലിന്യവും സംസ്ക്കരിക്കുന്നതിനായി ഒരു പ്ലാന്റ് മാത്രമാണ് നിലവിലുള്ളത്. ഇത്തരത്തിൽ 4 പൊതു സംവിധാനങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുള്ള സബ്സിഡി പ്രകാരം ഒരു പദ്ധതിക്കായി 25 ലക്ഷം രൂപ ലഭിക്കും. ഇതിനായി സംസ്ഥാന സർക്കാരും 25 ലക്ഷം രൂപ സഹായം നൽകി ഈ പദ്ധതിയെ മാച്ചിംഗ് PPP പദ്ധതികളിലൂടെ നടപ്പാക്കേണ്ടതാണ്. ഇതിനായി സംസ്ഥാന സർക്കാർ മാച്ചിംഗ് കോൺട്രിബ്യൂഷനായി ഒരു പദ്ധതിക്ക് 25 ലക്ഷം രൂപ വീതം അധികമായി 75 ലക്ഷം രൂപയും രണ്ട് പൊതു പദ്ധതികൾക്കായി 175 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പൊതു ബയോമെഡിക്കൽ നിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കാനുള്ള പദ്ധതിക്ക് വേണ്ടിവരുന്ന മൊത്തം ചെലവിന്റെ 25 ശതമാനം വരെ സഹായം ലഭ്യമാക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം പരമാവധി 1 കോടിയായി നിജപ്പെടുത്തിയിട്ടുമുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ നൽകുന്നതിന്റെ തത്തുല്യ വിഹിതമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. സബ്സിഡി അനുവദിക്കുന്നതിനു മുമ്പായി പദ്ധതിക്കുവേണ്ട അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. അനുമതികൾ ലഭ്യമായ പദ്ധതി നിർദ്ദേശങ്ങളൊന്നും 2012-13 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ചിരുന്നില്ല. ആകയാൽ സബ്സിഡിക്കുള്ള മാച്ചിംഗ് കോൺട്രിബ്യൂഷനുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തേണ്ടിവന്നില്ല.

ശുപാർശ

**ബോർഡ് ഓഫീസുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും**

ബോർഡിന്റെ കേന്ദ്ര ഓഫീസ്, ദക്ഷിണമേഖല ഓഫീസ്, തിരുവനന്തപുരം ജില്ലാ ഓഫീസ്, പരിശീലന വിഭാഗം, ഗവേഷണ-വികസന വിഭാഗം എന്നിവയ്ക്കായി സ്വന്തമായി കെട്ടിടം പണിയാൻ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

തലസ്ഥാനത്ത് ബോർഡിന്റെ ഹെഡ് ഓഫീസിനായി സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങാനായി പത്രമാസികകളിൽ പരസ്യം നൽകുകയും SEUF–ന്റെ 50 സെന്റ് വസ്തു വാങ്ങാനുള്ള നടപടികൾ നടന്നുവരുന്നതായും ബോർഡ് അറിയിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ബോർഡിന്റെ മിക്ക ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിനായി നല്ലൊരു തുക മാസവാടക ഇനത്തിൽ വേണ്ടിവരുന്നുണ്ട്. ആയതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സമീപപ്രദേശങ്ങളിലെ ഒഴിവുള്ള മിനി സിവിൽ സ്റ്റേഷനുകളിലേക്കോ സർക്കാർവക കെട്ടിടങ്ങളിലേക്കോ മാറ്റി പ്രവർത്തിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

വാട്ടർ അപ്പലേറ്റ് അതോറിറ്റിയുടെ പേട്ടയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് പബ്ലിക് ഓഫീസ് സമുച്ചയത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

<u>ശുപാർശ</u>

**ശുചിത്വസർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും**

തിരുവനന്തപുരം നഗരത്തിലെ മുഖ്യജലാശയങ്ങളായ കരമനയാർ, വേളി, ആക്കുളം കായൽ, പാർവ്വതിപുത്തനാർ, ആമയിഴഞ്ചാൻ തോട്, കണ്ണമ്മൂല തോട്, പട്ടം തോട്, ഉള്ളൂർ തോട് എന്നിവയിൽ ഗാർഹിക മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം മലിനീകരിക്കപ്പെടുന്നതിനാലും ആയത് ശുദ്ധീകരിക്കപ്പെടുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

ദേശീയ കായൽ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി വേളി-ആക്കുളം കായലുകളുടെയും പുനരുജ്ജീവനത്തിന് പദ്ധതിയുണ്ട്. കായലിൽ എത്തിച്ചേരുന്ന ആമയിഴഞ്ചാൻ തോടിന്റേയും പാർവ്വതിപുത്തനാറിന്റേയും പുനരുജ്ജീവനത്തിനുള്ള പദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി സാനിട്ടേഷൻ സർവ്വേ നടത്തുന്നതിനും, അവയുടെ മലിനീകരണസ്രോതസ്സുകൾ കണ്ടെത്തുന്നതിനായി കനാലുകളുടെ

തീരത്തു നിന്നും 50 മീറ്റർ ചുറ്റളവിൽ ഉള്ള വീടുകളെകൂടി ഉൾപ്പെടുത്തി Socio Economic Unit Foundation-ന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. ഇതിനുള്ള ചെലവ് 2013-14-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നു കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

5452-01-190-99—കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ

കെ.ടി.ഡി.സി.യുടെ കീഴിൽ കോഴിക്കോട് ആരംഭിക്കുന്ന പ്രീമിയം ഹോട്ടൽ, ആലപ്പുഴയിലെ പുതിയ ഹോട്ടൽ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്, ബേക്കൽ ബീച്ച് റിസോർട്ട്, നിലവിലുള്ള യൂണിറ്റുകളുടെ വികസനം, പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾക്കായി 10 കോടി രൂപ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

### സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

5452-01-190-98—ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡ്

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും സംയുക്ത മേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനും ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ പദ്ധതികൾക്കുമായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

### സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

5452-01-190-96—ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ബി.ആർ.ഡി.സി.ക്ക് സ്വന്തം ഓഫീസും ഗസ്റ്റ് ഹൗസും ബേക്കൽ എയർ സ്ട്രിപ്പും കൾച്ചറൽ സെന്റർ, ബീച്ചുകളുടെ വികസനം, റിസോർട്ട് സൈറ്റുകളുടെ അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

5452-01-190-98—മുസ്സിരീസ് പൈതൃക സംരക്ഷണ പദ്ധതി

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിൽ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന മുസ്സിരീസ് പൈതൃക സംരക്ഷണ പദ്ധതിക്ക് 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

5452-01-800-83—തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന പൈതൃകശേഷിപ്പുകളെ നവീകരിച്ച് ടൂറിസം ആകർഷകമാക്കുന്നതിനുള്ള തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിക്കും ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കുമായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

3452-80-104-98—കേരള ടൂറിസം—പ്രോത്സാഹനവും വിപണനവും

ഇൻഡ്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനായി കേരള ടൂറിസം ഒട്ടനവധി നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പുതിയ മാർക്കറ്റുകളും ലക്ഷ്യമിട്ട് വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഓസ്ട്രേലിയ, റഷ്യ, മിഡിൽ ഈസ്റ്റ്, സ്കാൻഡനേവിയൻ തുടങ്ങിയ പുതിയ വിപണികളിലും ശക്തമായ പ്രചരണ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ ആയുർവ്വേദ, കേരള കുസിൻ തുടങ്ങിയ ഉൽപ്പന്നങ്ങളെ ലോക ടൂറിസം മാർക്കറ്റിൽ ശക്തമായി അവതരിപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഈ ഇനത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

25-3-2012-ലെ സ.ഉ.(സാധാ.) നമ്പർ 2325/2013/ധന. പ്രകാരം 1103 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ അനുവദിച്ചിട്ടുണ്ട്.

3452-80-800-90 (29)

5452-01-800-87—<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലും മെച്ചപ്പെടുത്തലും</u>

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലും മെച്ചപ്പെടുത്തലുകൾക്കും ഗസ്റ്റ് ഹൗസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും 14 ജില്ലകളിലെ നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

3452-80-104-99—<u>പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പ്രോത്സാഹനവും</u>

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന പരിപാടികളും ഉത്സവങ്ങളും മേളകളും ബോട്ട് മത്സരങ്ങളും സംഘടിപ്പിക്കുന്നതിന് സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

3452-80-800-97—<u>വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും</u>

14 ജില്ലകളിലെയും ഓഫീസുകളും വിവിധ ടൂറിസ്റ്റ് സെന്ററുകളുടെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും ആധുനികവൽക്കരിക്കുന്നതിന് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

**നോൺ പ്ലാൻ ഫണ്ട്**

3452-800-001-97—വിനോദസഞ്ചാര വകുപ്പ്—റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസ്

കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിൽ സാധനസാമഗ്രികൾ എന്ന കണക്കിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,000 രൂപ 1 ലക്ഷം രൂപയായും മറ്റു ചെലവുകൾക്കുളള തുക 5 ലക്ഷം രൂപയായും ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

സാധനസാമഗ്രികൾ കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിൽ സാധനസാമഗ്രികൾ എന്ന കണക്കിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപയായി ഉയർത്തണമെന്ന സമിതി ശുപാർശയിന്മേൽ 2012-13 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ച തുകകൾകൂടി ഉൾപ്പെടുത്തുമ്പോൾ ഈ കണക്കിനത്തിൽ മൊത്തം 19,000 രൂപ ചെലവഴിച്ചിട്ടുളള താകുന്നു.

**മറ്റ് ചെലവുകൾ**

മറ്റ് ചെലവുകൾക്കുളള തുക 5 ലക്ഷം രൂപയായി ഉയർത്തണമെന്ന സമിതി ശുപാർശയിന്മേൽ 2012-13 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ച തുകകൾകൂടി ഉൾപ്പെടുത്തുമ്പോൾ ഈ കണക്കിനത്തിൽ മൊത്തം 10,52,151 രൂപ ചെലവഴിച്ചിട്ടുളളതും ആകുന്നു. എന്നാൽ SSDG വഴി ഈ കണക്കിനങ്ങളിൽ തുകകൾ അനുവദിക്കപ്പെട്ടിട്ടില്ല.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രി നിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

തിരുവനന്തപുരം ഗസ്റ്റ്ഹൗസിൽ ഭക്ഷണം തയ്യാറാക്കാനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുളള ചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഭക്ഷണം തയ്യാറാക്കാനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുളള ചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ച 20 ലക്ഷം രൂപ 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതിയുടെ ശുപാർശയിന്മേൽ 2012-13 സാമ്പത്തിക വർഷം ഈ തുക കണക്കിനത്തിൽ അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ച തുകകൾ കൂടി ഉൾപ്പെടുത്തുമ്പോൾ 49,73,092 രൂപ ചെലവഴിച്ചിട്ടുളളതും എന്നാൽ 2012-13 സാമ്പത്തികവർഷം ഈ കണക്കിനത്തിൽ SDG വഴി തുകകൾ ഒന്നും തന്നെ അനുവദിച്ചു കിട്ടിയിട്ടില്ലാത്തതുമാകുന്നു.

3452-80-104-98—<u>ടൂറിസ്റ്റ് പ്രചരണം</u>

ഓണാഘോഷത്തിന് പരസ്യപ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കുന്നത്. നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

3452-80-800-51-98—<u>കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ</u>

ഗ്രാന്റ് ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട ചെലവുകൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

<u>ഭാഗം 2</u>

**ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശ**

## ധനാഭ്യർത്ഥന നമ്പർ XXXIV

## **വനംവന്യജീവി വകുപ്പ്**

<u>ശുപാർശ</u>

വനംവകുപ്പിൽ നിന്നും വിൽക്കുന്ന തേക്കിന്റെ വിലയുടെ 5%-ഉം പൾപ്‌വുഡിന്റെ വിലയുടെ 50%-ഉം ചേർന്നുവരുന്ന തുക കൊണ്ടാണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കേണ്ടത്. തേക്കിന്റെ വിലയുടെ 5% കൊണ്ട് ഫണ്ട് സ്വരൂപിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇത് 10% ആയി ഉയർത്തി ആക്ടിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

തിരുവനന്തപുരം,
2013 ജൂലൈ 3.

**എ. പി. അനിൽ കുമാർ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*